**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 396** **14-03-2023 - ൽ മറുപടിയ്ക്ക്**

**ഉത്തരവാദിത്ത ടൂറിസം ഉച്ചകോടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ ,<br>ഡോ. കെ. ടി. ജലീൽ,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. എ. രാജ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഉത്തരവാദിത്ത വിനോദസഞ്ചാര മേഖലയിൽ കൈവരിച്ച നേട്ടങ്ങൾക്ക് അംഗീകാരമെന്ന നിലയിൽ ഉത്തരവാദിത്ത ടൂറിസം ഉച്ചകോടിയുടെ ആദ്യ വേദിയാകുവാൻ സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉത്തരവാദിത്ത ടൂറിസം മേഖലയിൽ കൈവരിച്ച നേട്ടങ്ങളുടെ ഭാഗമായി ഉത്തരവാദിത്ത ടൂറിസം ആഗോള ഉച്ചകോടിക്ക് ആതിഥ്യമരുളാൻ കേരളത്തിനായി . കുമരകത്ത് വച്ച് 2023 ഫെബ്രുവരി 25 മുതൽ 28 വരെയാണ് ഉച്ചകോടി നടന്നത് . യു.എൻ. വുമൺ ഇന്ത്യ , കൺട്രി റെപ്രസെന്റേറ്റീവ് , വേൾഡ് ട്രാവൽ മാർക്കറ്റ് -ന്റെ ഉത്തരവാദിത്ത ടൂറിസം ഉപദേഷ്ടാവ് ഉൾപ്പെടെ വിവിധ രാജ്യങ്ങളിൽ നിന്നുള്ള പ്രമുഖ ഇന്റർനാഷണൽ പ്രഭാഷകർ , ഉത്തരവാദിത്ത/ സുസ്ഥിര ടൂറിസം രംഗത്തെ പ്രമുഖർ ഉൾപ്പെടെ 50-ൽ പരം പ്രഭാഷകർ ഈ ഉച്ചകോടിയിൽ പങ്കെടുക്കുകയുണ്ടായി . |
| (ബി) | വിനോദസഞ്ചാര മേഖലയിൽ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന് പ്രസ്തുത ഉച്ചകോടി സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) | വിനോദ സഞ്ചാരമേഖലയിൽ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ വിപുലീകരിക്കാൻ പ്രസ്തുത ഉച്ചകോടി സഹായകമാകുമെന്ന് കരുതുന്നു . പ്രസ്തുത ഉച്ചകോടിയിൽ കേരളം ഉത്തരവാദിത്ത ടൂറിസം മേഖലയിൽ ആർജ്ജിച്ച നേട്ടങ്ങളും രാജ്യത്തെ വിവിധ ഉത്തരവാദിത്ത - സുസ്ഥിര ടൂറിസം മാതൃകകളും സാർവ്വദേശീയ മാതൃകകളും അവതരിപ്പിക്കപ്പെട്ടു .ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളുടെ ഭാഗമായി കേരളം നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കേരള ഉത്തരവാദിത്ത ടൂറിസം പ്രഖ്യാപനം നടന്നു. ഇവ കേരളത്തിലെ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുമെന്ന് മാത്രമല്ല ലോക ഉത്തരവാദിത്ത ടൂറിസത്തിന്റെ മാതൃകാ കേന്ദ്രമാക്കി കേരളത്തെ ശ്രദ്ധേയമാക്കുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുമെന്ന് കരുതുന്നു.<br><br>രണ്ടാം കേരള ഉത്തരവാദിത്ത ടൂറിസം ഡിക്ലറേഷന്റെ പ്രധാന ആശയങ്ങൾ ചുവടെ |

| | | | |
|---|---|---|---|
| | | | ചേർക്കും പ്രകാരമാണ് .<br>• ഉത്തരവാദിത്ത ടൂറിസം കാലാനുസൃതമാക്കുന്നതിന്റെ ഭാഗമായി പ്രാദേശികമായ പ്രതികൂല ഘടകങ്ങൾ ലഘൂകരിച്ച് പ്രാദേശിക ജന വിഭാഗത്തിന് പരമാവധി പ്രയോജനം വരത്തക്ക രീതിയിലുള്ള വികസന പ്രവർത്തനങ്ങൾക്ക് രൂപം നൽകും. ദാരിദ്ര്യ ലഘൂകരണം, പ്രാദേശിക സാമ്പത്തിക വികസനം എന്നിവയിൽ മുന്നിലുള്ള പ്രവർത്തനങ്ങൾ ഉണ്ടാകും. ടൂറിസവുമായി ബന്ധപ്പെട്ട സുസ്ഥിര ചെറുകിട സൂക്ഷ്മ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനുവേണ്ട സഹായങ്ങൾ നൽകും.<br>• പഞ്ചായത്തുമായി സഹകരിച്ച് ലിംഗ സമത്വത്തിൽ ഊന്നി വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സ്ത്രീ സുരക്ഷ ഉറപ്പുവരുത്തും. എല്ലാ ടൂറിസം പ്രവർത്തനങ്ങളും അനുഭവങ്ങളും ഭിന്നശേഷിക്കാർ ഉൾപ്പെടെ എല്ലാ വിഭാഗം ജനങ്ങൾക്കും ഒരുപോലെ ആസ്വദിക്കത്തക്ക വിധത്തിലുള്ള സൗകര്യങ്ങൾ ഉണ്ടാകും. സാമൂഹിക-സാംസ്കാരിക വൈവിധ്യങ്ങൾ ഉൾക്കൊള്ളാനും അതിഥികളെ സ്വീകരിക്കാനും ഉതകുന്ന തരത്തിൽ പ്രാദേശിക ജനതയെ സജ്ജമാക്കും. ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലും ടൂറിസം സംഭാവനകൾ ഉറപ്പുവരുത്തും.<br>• കാലാവസ്ഥാ വ്യതിയാനത്തെ നേരിടാനും ഹരിതഗൃഹ പ്രഭാവം ചെറുക്കുന്നതിനും ഉത്തരവാദിത്ത ടൂറിസം മുഖ്യപരിഗണന നൽകുന്നു. വിഭവങ്ങളുടെ സുസ്ഥിര ഉപഭോഗം, മാലിന്യ ലഘൂകരണം, ജൈവവൈവിധ്യ സംരക്ഷണം എന്നിവയ്ക്കും പരിഗണന നൽകുന്നതാണ് . പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിനും അതിനുവേണ്ട ബോധവൽക്കരണം നടത്തുന്നതിനും ലക്ഷ്യമിടുന്നു. |
| (സി) | ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ ഭാഗമായി നടപ്പാക്കിവരുന്ന സ്ട്രീറ്റ്, പെപ്പർ എന്നീ പദ്ധതികൾ ലോക ശ്രദ്ധയാകർഷിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതികളിലൂടെ കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ വിശദമാക്കാമോ? | (സി) | ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഊട്ടിയുറപ്പിക്കുന്നതിനും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ടൂറിസം മേഖലയിൽ കൂടുതൽ ശക്തമായി ഇടപെടുന്നതിനും വേണ്ടി നടപ്പാക്കുന്ന പദ്ധതികളാണ് 'സ്ട്രീറ്റും' (Sustainable, |

| | | | |
|---|---|---|---|
| | | | Tangible, Responsible, Experiential, Ethnic, Tourism Hubs) 'പെപ്പറും' (People's, Participation for Participatory Planning and Empowerment through Responsible Tourism) . 'പെപ്പർ' പദ്ധതി ആദ്യമായി നടപ്പാക്കപ്പെട്ട വൈക്കവും പൊന്നാനിയും ടൂറിസം ഡെസ്റ്റിനേഷനുകളായി പ്രഖ്യാപിക്കപ്പെട്ടു. 'സ്ട്രീറ്റ്' പദ്ധതി വിജയകരമായി നടപ്പാക്കപ്പെട്ടതിനെ തുടർന്ന് 'വാട്ടർ സ്ട്രീറ്റ്' പദ്ധതിക്ക് ഗ്ലോബൽ അവാർഡും ഐ സി ആർ.ടി. ഇന്ത്യൻ സബ് കോണ്ടിനന്റ് അവാർഡും ലഭിച്ചു. 'പെപ്പർ' നടപ്പാക്കിയ കേന്ദ്രങ്ങളിലൊന്നായ വൈക്കവും 'സ്ട്രീറ്റ്' പദ്ധതി വിജയകരമായി നടപ്പാക്കിയ മറവൻതുരുത്തും ന്യൂയോർക്ക് ടൈംസിന്റേതടക്കം പ്രത്യേക പ്രശംസ നേടിയിട്ടുണ്ട്.<br><br>പുതിയ ടൂറിസം കേന്ദ്രങ്ങളെ വികസിപ്പിക്കാനും വിവിധ പ്രദേശങ്ങളിൽ തദ്ദേശവാസികൾക്ക് ടൂറിസം അനുബന്ധ പരിശീലനങ്ങൾ നൽകാനും അതുവഴി തൊഴിലും വരുമാനവും ലഭ്യമാക്കാനും ഈ പദ്ധതികൾ സഹായകമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ